**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 455**
**03.03.2020-ന് മറുപടി നൽകേണ്ടത്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

| | ചോദ്യം | മറുപടി |
|---|---|---|
| 455 | **ശ്രീ. വി.കെ.സി.മമ്മത് കോയ** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | ഈ സർക്കാർ കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ഈ സർക്കാർ കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.<br>1. കെ.എഫ്.സി.യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനസംഘടിപ്പിച്ചു.<br>2. കെ.എഫ്.സി.യുടെ വായ്പാനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി.<br>3. കെ.എഫ്.സി. വായ്പകളുടെ അടിസ്ഥാന പലിശനിരക്ക് 14.5% ആയിരുന്നത് 9% ആയി കുറച്ചു.<br>4. സ്റ്റാർട്ടപ്പ് കാർക്കായി പ്രത്യേകം വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു.<br>5. നവകേരളം നിർമ്മിതിയുടെ ഭാഗമായി സർക്കാർ കരാറുകാർക്ക് വിവിധ വായ്പാ പദ്ധതികൾക്ക് രൂപം നൽകി.<br>6. സർക്കാർ ബിൽഡിസ്കൗണ്ടിംഗ് സ്കീമിൽ കെ.എഫ്.സി.യെ ഉൾപ്പെടുത്തി. |

| | | |
|---|---|---|
| ബി | നടപടികളുടെ ഭാഗമായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകാമോ; | 1. 2015-16 -ലെ കെ.എഫ്.സി.യുടെ ലാഭം 5.33 കോടി രൂപയിൽ നിന്നും 2018-19 ൽ 17.70 കോടി രൂപയായി വർദ്ധിച്ചു.<br>2. 2015-16 സാമ്പത്തികവർഷം കെ.എഫ്.സി. യുടെ വായ്പാആസ്തി 2400 കോടി രൂപയായിരുന്നു. ഇത് 2018-19 ൽ 2684 കോടി രൂപയായി ഉയർന്നു.<br>3. 31.03.2016-ൽ 10.5% ആയിരുന്ന നിഷ്ക്രിയ ആസ്തി 31.03.2019 ഓടെ 5.77% ആയി കുറഞ്ഞു. |
| സി | കെ.എഫ്.സി-യെ ആശ്രയിച്ച് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ? | ഉണ്ട്. 2015-16 സാമ്പത്തിക വർഷംവരെ, 45,106 സംരംഭകർക്ക് കെ.എഫ്.സി വഴി വായ്പാസഹായം നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം ആയപ്പോൾ അത് 47,294 ആയി ഉയർന്നു. |

സെക്ഷൻ ഓഫീസർ